സ്റ്ററ്റും തുടങ്ങുമ്പോൾ തന്നെ അറിയാനാകും എപ്പോഴാണ് നിങ്ങളുടെ അവസാന പരീക്ഷ വരുന്നതെന്ന്. അതായത് ആറു മാസം കഴിയുമ്പോഴായിരിക്കും.

അതേപോലെ നിങ്ങളുടെ സ്റ്റഡി ലീവ് നിങ്ങളുടെ പരീക്ഷ തുടങ്ങുന്നതിന്റെ ഒരു മാസം മുൻപേ തുടങ്ങും.

അപ്പോൾ എപ്പോഴാണ് നിങ്ങൾ പഠിക്കാൻ തുടങ്ങുന്നത്?

Figure 5: **Exam Syndrome**



മിക്ക വിദ്യാർത്ഥികളും അവസാന നിമിഷത്തിലായിരിക്കും പഠിക്കാൻ തുടങ്ങുക. അതായത് പരീക്ഷ തുടങ്ങുന്നതിന്റെ തലേദിവസം. പഠിക്കാൻ ലഭിച്ച ആവശ്യത്തിലധികം സമയവും നഷ്ടപ്പെടുത്തിക്കളഞ്ഞു.

സമാനമാണ് ബിസിനസിലും, പ്രോജക്ട് നടപ്പാക്കുന്ന സമയത്ത് ആളുകൾ ഇതേ സ്വഭാവമാണ് കാണിക്കുന്നത്.

എത്ര സമയം ലഭിച്ചാലും മിക്ക ആളുകളും ജോലി ചെയ്തു തുടങ്ങുന്നത് വളരെ താമസിച്ചാണ്. ഫിഗർ 5 നോക്കുക.

ഫിഗർ 5 ൽ കാണാനാകുന്നതുപോലെ, ഒരു ജോലി പൂർത്തിയാക്കാൻ ഒമ്പത് ദിവസം ലഭിക്കുമെന്നിരിക്കെ, ഒരാൾക്ക് വളരെ സൗകര്യപ്രദമായി യാതൊരു സമ്മർദങ്ങളുമില്ലാതെ ജോലി പൂർത്തിയാക്കാനാകും. അതാണ് ബ്ലൂ ഏരിയയിൽ കാണിച്ചിരിക്കുന്നത്.

എന്നിരുന്നാലും എന്താണ് സാധാരണ സംഭവിക്കുക എന്നുവെച്ചാൽ മിക്കവരും ജോലി വളരെ വൈകിയായിരിക്കും തുടങ്ങുക. എന്നിട്ട് ജോലി സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ വേണ്ടി വളരെ കഷ്ടപ്പെടുന്നു. അതാണ് ഡോട്ടഡ് ലൈനിൽ കാണിച്ചിരിക്കുന്നത്.

Figure 6: **Reliability Syndrome**



അപ്രതീക്ഷിതമായ കാര്യങ്ങളെന്തെങ്കിലും അവസാന നിമിഷം സംഭവിച്ചാൽ, ജോലി വൈകിയായിരിക്കും പൂർത്തിയാക്കാനാകുക.

ഇത്തരത്തിൽ മിക്ക ആളുകളും ഓരോ ജോലിയും തീർക്കാൻ വേണ്ട സമയത്തിൽ കൂടുതലും പാഴാക്കിക്കളയുന്നു.

ജോലി നടപ്പാക്കുമ്പോൾ കാണാറുള്ള മറ്റൊരു ബിഹേവിയറുണ്ട്. ഞാൻ അതിനെ റിലയബിലിറ്റി സിൻഡ്രോം എന്ന് വിളിക്കുന്നു.

ഇനി നിങ്ങൾക്ക് ഒരു ജോലി ചെയ്യാൻ ഒമ്പതു ദിവസം മുന്നിലുണ്ട്. പക്ഷേ മൂന്നു ദിവസം കൊണ്ട് നിങ്ങൾ ആ ജോലി തീർത്തെന്നു വിചാരിക്കുക.

അപ്പോൾ നിങ്ങളെന്തു ചെയ്യും?

മിക്ക ആളുകളും ആ ജോലി തീർന്നാലും പിന്നെയും അത് തുടർന്നുകൊണ്ടിരിക്കും.

ഒന്നെങ്കിൽ പെർഫെക്ഷനു വേണ്ടി വർക്ക് പോളിഷ് ചെയ്തുകൊണ്ടിരിക്കും. അല്ലെങ്കിൽ വർക്ക് ചെയ്യുന്നതായി ഭാവിച്ചുകൊണ്ടിരിക്കും ഫിഗർ 6 ൽ കാണുന്നതുപോലെ.

ഈ ബിഹേവിയറിനുള്ള ഒരു കാരണം തെറ്റായൊരു കണക്കു നൽകി വിശ്വസനീയമല്ലാത്തയാളെന്ന പേര് നേടാൻ നമ്മൾ ആഗ്രഹിക്കുന്നില്ല എന്നതാണ് മറ്റൊരു കാരണം നേരത്തെ നിങ്ങൾ ജോലി പൂർത്തിയാക്കുകയാണെങ്കിൽ (അങ്ങനെ സംഭവിക്കുക വളരെ അപൂർവമാണ്), നിങ്ങളുടെ ബോസ് അല്ലെങ്കിൽ ഇടപാടുകാർ ഭാവിയിലും ഈ സമയത്തിനുള്ളിൽ വർക്ക് തീർക്കണമെന്ന് പ്രതീക്ഷിക്കും, ഇതും നിങ്ങളെ വിശ്വസനീയനല്ലാതെയാക്കി മാറ്റും.

മൂന്നാമത്തെ കാരണം നിങ്ങളിപ്പോൾ ജോലി നേരത്തെ തീർത്താലും അടുത്ത ജോലി കൈകാര്യം ചെയ്യേണ്ട റിസോഴ്സ് റെഡി ആയിരിക്കില്ല. അങ്ങനെ വരുമ്പോൾ നിങ്ങൾ നേരത്തെ തീർത്താലും കാര്യമില്ല.

റിലയബിലിറ്റി സിൻഡ്രോം കാരണം ജോലി നേരത്തെ തീർക്കുന്നതിന്റെ നേട്ടവും നഷ്ടമാവുകയാണ്.

അടുത്ത ലക്കത്തിൽ പ്രോജക്ട് ഓറിയന്റഡ് ബിസിനസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടുതൽ വിശദമായി പരിശോധിക്കാം. ■

ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

[illegible] IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com



Pre-publication offer

15 BUSINESSMEN
15 SUCCESS STORIES
ONE BOOK!

15 Visionary Entrepreneurs! The latest business classic from Dhanam Publications is out for sale. The book is a compilation of the profiles of 15 Malayalee businessmen, pioneers and visionaries whose lives are textbooks on fighting the odds and making big things happen.

This book weaves together original ideas, enterprising concepts, extraordinary acts of courage and examples of commitment and hard work, and shows how vision, passion and dedication can lead to success in business.

A limited edition, this book is a manual for all aspiring entrepreneurs and professionals.

Pre-publication offer ₹600 (save- ₹150)

I would like to buy ....copies of the book, **15 Visionary Entrepreneurs**, published by Dhanam Publications. Enclosed is Rs....................for this purchase.

☐ ☐ ☐ ☐ ☐

Name...
Address ....
.... Pin.................
Phone..................................Email.................................
Sign..Date..........................

Bank Transfer (within India)
Account Name : Dhanam Publications Pvt Ltd, Kadavanthra. Account No. 10580200003399, Bank : The Federal Bank Ltd, Girinagar Branch, IFSC/RTGS Code : FDRL0001058

ധനം BUSINESS MAGAZINE
Dhanam Publications Pvt. Ltd.,
Kadavanthra, Kochi – 682 020, Ph: 0484 – 2315840, 2316494
Email: subscription@dhanam.in, **www.dhanamonline.com**